കല്ലട ഡാമിലെ ചോർച്ചയെക്കുറിച്ച് ലോകബാങ്കിന്റെ റിവ്യു പാനലിന്റെ അഭിപ്രായം

286 [602] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഡാമിൽ ഉണ്ടായതായി പറയപ്പെടുന്ന ചോർച്ചയെക്കുറിച്ച് അന്വേഷിക്കാൻ ലോകബാങ്കിന്റെ റിവ്യു പാനൽ പ്രസ്തുത ഡാം സന്ദർശിക്കുകയുണ്ടായോ;

(ബി) എങ്കിൽ അവരുടെ അഭിപ്രായം എന്താണ്?

ഉത്തരം

(എ) ലോകബാങ്കിന്റെ റിവ്യു പാനൽ ഓഗസ്റ്റ് 25 മുതൽ 27 വരെ കല്ലട ഡാം പരിശോധിക്കുകയുണ്ടായി.

(ബി) കല്ലട ഡാമിന്റെ പുറവശത്ത് കണ്ടതായി പറയപ്പെടുന്ന കിനിവ് സാധാരണ മേസനറി ഡാമുകളിൽ ആദ്യമായി വെള്ളം നിറക്കുമ്പോൾ ഉണ്ടാകുന്ന കിനിവിനോട് താരതമ്യപ്പെടുത്താവുന്നതാണ്. ഇത് അപകടകരമല്ല. സാധാരണ എല്ലാ ഡാമുകളിലും ചെയ്യാറുള്ള ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും മാത്രമേ ഇതിനാവശ്യമുള്ളൂ എന്നാണ് പ്രസ്തുത റിവ്യു പാനലിന്റെ അഭിപ്രായം.

പീരുമേട് താലൂക്കിലെ മേജർ ഇറിഗേഷൻ വർക്കുകൾ

287 [603] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ മേജർ ഇറിഗേഷൻ വിഭാഗത്തിന് എത്ര ലക്ഷം രൂപയുടെ വർക്കുകൾ ഏറ്റെടുത്ത് നടത്തിവരുന്നു;

ഉത്തരം

പീരുമേട് താലൂക്കിൽ മേജർ ഇറിഗേഷൻ പദ്ധതികൾ യാതൊന്നുംതന്നെ ഇപ്പോൾ നടക്കുന്നില്ല.

കാക്കടവ് ജലസേചനപദ്ധതി

288 [604] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ സമഗ്രപുരോഗതിക്ക് ഉപയുക്തമായ കാക്കടവ് ജലസേചനപദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ നിയോഗിച്ച വാട്ടർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എപ്പോൾ തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) സംസ്ഥാന ഗവൺമെൻറിൻെറ ആവശ്യപ്രകാരം നിയമിക്കപ്പെട്ട സെൻട്രൽ വാട്ടർ കമ്മീഷനിലെ വിദഗ്ദ്ധൻമാരുടെ സംഘം കാക്കടവ് ജലസേചനപദ്ധതിയെപ്പറ്റി പുനഃപഠനം നടത്തി അവരുടെ റിപ്പോർട്ട് 1984 ഫെബ്രുവരിയിൽ സംസ്ഥാന ഗവൺമെൻറിന് സമർപ്പിച്ചു. പദ്ധതിപ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും പദ്ധതി പ്രദേശത്തിനടുത്തുള്ള ചീമേനി ടണലിനുതൊട്ടുതാഴെ കിടക്കുന്ന തരിശുഭൂമി ഈ ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്താമോയെന്ന് പരിശോധിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ ചർച്ചകൾക്കുശേഷം പദ്ധതിപ്രദേശത്തുതന്നെ ഉപയോഗപ്രദമാക്കാവുന്ന തരിശുഭൂമി ലഭ്യമാണോ എന്നുള്ള കാര്യവും അതുപോലെ ജില്ലയിൽതന്നെ മിച്ചഭൂമി ലഭ്യമാണോ എന്നുള്ള കാര്യവും അന്വേഷിച്ച് റിപ്പോർട്ടുചെയ്യുന്നതിന് ബന്ധപ്പെട്ട കലക്ടർമാരെ ചുമതലപ്പെടുത്തി അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തരിശുഭൂമി കുടിയൊഴിപ്പിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിനായി എത്രമാത്രം ഉപയോഗിക്കുവാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ലോകബാങ്കുസഹായം സംബന്ധിച്ചുള്ള ചീഫ് എഞ്ചിനീയറുടെ ഓഫിസിലെ കാർഷിക വിദഗ്ദ്ധനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ദേഹത്തിൻെറ റിപ്പോർട്ടുകൂടി ലഭിച്ചിട്ട് ഒഴിപ്പിക്കേണ്ടിവരുന്നവരുടെ പുനഃരധിവാസം സംബന്ധിച്ച പ്രശ്നത്തിൽ ഒരു തീരുമാനം എടുത്തതിനുശേഷമേ പദ്ധതി നടപ്പാക്കുന്നതിനെപ്പറ്റി അന്തിമതീരുമാനം എടുക്കുവാൻ കഴിയൂ.

പാലക്കാട് ജില്ലയിലെ ഇറിഗേഷൻ പദ്ധതി

289 [605] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന കാര്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ലിഫ്ട് ഇറിഗേഷൻവഴി പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കുവാനാണ് പരിപാടി;

(ബി) മലമ്പുഴ കനാലിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻവഴി, മുണ്ടൂർ പഞ്ചായത്തിൽ ജലസേചനം നടത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പൂർത്തീകരിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ നിന്നും 1179 ഹെക്ടർ സ്ഥലം കൃഷി ചെയ്യാവുന്നതാണ്. ഇപ്പോൾ പ്രവൃത്തി തുടരുന്നതായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തിയാകുമ്പോൾ ജലസേചനസൗകര്യം ലഭ്യമാകുന്ന 2079 ഹെക്ടർ സ്ഥലം ഉൾപ്പെടെ ആകെ 3258 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാകുന്നതാണ്.

(ബി) ഉണ്ട്. പക്ഷെ വെള്ളത്തിൻെറ ദൗർലഭ്യംമൂലം മലമ്പുഴ കനാലിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻവഴി മുണ്ടൂർ പഞ്ചായത്തിൽ ജലസേചനം നടത്തുക സാദ്ധ്യമല്ലെന്ന് ചീഫ് എഞ്ചിനീയർ അറിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly